ഭൂ പരിഷ്കരണ നിയമത്തിൽ ഭേദഗതി

93 [376] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

,, പിരപ്പൻകോട് മുരളി :

,, എ. കെ. ബാലൻ :

,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കരാർ കൃഷി, പാട്ട കൃഷി എന്നിവയ്ക്കായി ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും ഉറപ്പ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുമായി സംസ്ഥാന സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ചർച്ചയിൽ കേന്ദ്ര സർക്കാർ എന്തെല്ലാം ആവശ്യങ്ങളാണ് മുന്നോട്ടുവച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരള ഭൂപരിഷ്കരണനിയമം ഭേദഗതി ചെയ്ത് തരിശുഭൂമി വൻകിട കമ്പനികൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും പാട്ടത്തിന് നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) കാർഷിക രംഗത്ത് വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര സർക്കാർ തയ്യാറാക്കിയ മാതൃകാ ബിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) ഈ ബില്ലിൻമേൽ സംസ്ഥാന സർക്കാർ എന്ത് പ്രതികരണമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാർ കൃഷിയും പാട്ട കൃഷിയും സംസ്ഥാനത്തു നടപ്പാക്കുന്നതു സംബന്ധിച്ച തീരുമാനമൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല. ചർച്ചയിൽ ഇതിക്കുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. 2002 സെപ്തംബറിലും 2003 ഒക്ടോബറിലും നടന്ന ദേശീയ സമ്മേളനങ്ങളിൽ കരാർ കൃഷിയും ചർച്ച ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സമ്മേളനങ്ങളിൽ കാർഷിക വിപണന രംഗത്ത് വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ചും കരാർ കൃഷിയെക്കുറിച്ചും ചർച്ചകളുണ്ടായിട്ടുണ്ട്.

(ഇ) ഇല്ല

(എഫ്) കാർഷികോല്പന്ന വിപണന രംഗത്തെ ക്രമീകരിക്കുന്നതിന് ഒരു മാഡൽ നിയമം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ജി) പരിശോധിച്ചു വരുന്നു.

വിവിധ കാർഷിക പദ്ധതികൾക്കായി വകയിരുത്തിയിരുന്ന തുക

94 [377] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ വിവിധ പദ്ധതികൾക്കായി 2003-2004 ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഇന്നേവരെ പദ്ധതികൾക്കായി അനുവദിച്ച തുകയും അവ ചെലവഴിച്ചതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) സാമ്പത്തികവർഷം അവസാനിക്കാൻ മൂന്നു മാസം മാത്രം അവശേഷിക്കുമ്പോഴും പദ്ധതി തുകയുടെ വളരെ ചെറിയൊരു ശതമാനം മാത്രമേ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം സംഭവിച്ചതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്യുമെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) 2003-04-ലെ ബജറ്റിൽ കാർഷിക പദ്ധതികൾക്കായി 10065.01 ലക്ഷം രൂപയും മണ്ണു സംരക്ഷണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾക്ക് 1397 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അനുമതി ലഭിച്ചിട്ടുള്ളത് 9290.48 ലക്ഷം രൂപയുടെ പദ്ധതികൾക്കാണ്.

(ബി) 2003 ഡിസംബർ 31-ാം തീയതി വരെ വിവിധ കാർഷിക പദ്ധതികൾക്ക് 1960.12 ലക്ഷം രൂപയും മണ്ണു സംരക്ഷണ പദ്ധതികൾക്ക് 671.52 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly